പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2565 | 09-05-2017-ലെ മറുപടിയ്ക്ക്

**കാർഷിക കടാശ്വാസ നയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക കടാശ്വാസം സംബന്ധിച്ച് ഈ സർക്കാരിന്റെ നയം വ്യക്തമാക്കാമോ; | **(എ)** കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള കടാശ്വാസം കർഷകർക്ക് എത്രയും വേഗം ലഭ്യമാക്കുകയും ഇതു സംബന്ധിച്ച് കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുകയും ചെയ്യുക എന്നുള്ളതാണ് ഇതു സംബന്ധിച്ച സർക്കാരിന്റെ നയം. |
| **(ബി)** കാർഷിക കടാശ്വാസവുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിക്കുന്നതിന്റെ കാലപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br>**(സി)** കാർഷിക കടാശ്വാസത്തിന്റെ പാക്കേജ് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | **(ബി) & (സി)** തീർപ്പാക്കാതെ അവശേഷിക്കുന്ന 47105 അപേക്ഷകൾ തീർപ്പാക്കി നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള കടാശ്വാസം നൽകിയതിനു ശേഷം മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള അപേക്ഷകൾ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിച്ച് തീർപ്പാക്കി കടാശ്വാസം നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**